# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1949

15/07/2016 -ൽ മറുപടിക്ക്

### കുട്ടനാട്ടിലെ തടിബോട്ടുജെട്ടികളെ, കോൺക്രീറ്റ് ആക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. പിണറായി വിജയൻ<br>(ബഹു: മുഖ്യമന്ത്രി) |
| (എ) കുട്ടനാട്ടിലെ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലുള്ള തടിബോട്ടു ജെട്ടികളായ കൈനകരി പഞ്ചായത്ത് 15-ാം വാർഡിലെ പുത്തൻകായൽ ജെട്ടി, 3-ാം വാർഡിലെ ചാവറ ഭവൻ ജെട്ടി, നെടുമുടി പഞ്ചായത്ത് 6-ാം വാർഡിലെ ചേന്നാംങ്കരി അക്ഷര ജെട്ടി, പുളിങ്കുന്നു പഞ്ചായത്ത് 4-ാം വാർഡിലെ റ്റി. ആർ. റ്റിംബേഴ്സ് ജെട്ടി എന്നിവ മാറ്റി കോൺക്രീറ്റ് ജെട്ടികൾ ആക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫയൽ നമ്പർ സഹിതം വിശദീകരിക്കാമോ; | (എ) കൈനകരി പഞ്ചായത്ത് 15-ാം വാർഡിലെ പുത്തൻ കായൽ ജെട്ടി (തുക 10 ലക്ഷം), നെടുമുടി പഞ്ചായത്ത് 6-ാം വാർഡിലെ ചേന്നാംങ്കരി അക്ഷര ജെട്ടി (തുക 10 ലക്ഷം), പുളിങ്കുന്ന് പഞ്ചായത്ത് 4-ാം വാർഡിലെ റ്റി.ആർ റ്റിംബേഴ്സ് ജെട്ടി (തുക 10 ലക്ഷം) എന്നീ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 2015-16 വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ നടപടികൾ സ്വീകരിച്ചു വരുന്ന ഫയൽ നമ്പർ **W3/4296/16/FS/DB-II** ആണ്.<br>കൈനകരി പഞ്ചായത്ത് 3-ാം വാർഡിലെ ചാവറ ഭവൻ ജെട്ടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) പ്രസ്തുത ബോട്ടു ജെട്ടികൾക്ക് സാമ്പത്തിക അനുമതി നൽകുന്നതിന് മുൻഗണന നൽകുമോ; വിശദമാക്കാമോ? | (ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ